By Special Messenger.

കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ്-അഞ്ച് ലക്ഷം രൂപ മുതലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ നടപടികൾ ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യു-ബി) വകുപ്പ്

**സ.ഉ(പി) നം.524/15/ധന. തീയതി, തിരുവനന്തപുരം, 17/11/2015**

പരാമർശം:- (1) 29.9.2015 ലെ സ.ഉ (പി) നം.431/2015/ധന

(2) 15444, 15636, 18954, 20172 & 22070/15 എന്നീ റിട്ട് പെറ്റീഷനുകളിലെ 5.10.2015-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം

### ഉത്തരവ്

എസ്റ്റിമേറ്റ് തുക പതിനഞ്ച് ലക്ഷം രൂപവരെയുള്ള എം.എൽ.എ ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ളതുൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളേയും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അഞ്ച് ലക്ഷം രൂപയും അതിനുമുകളിലുമുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടർ വഴി നടപ്പിലാക്കണമെന്ന് പരാമർശം (2) ലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന അഞ്ചു ലക്ഷത്തിനുമുകളിലുള്ള പ്രവൃത്തികളെ ഇ-ടെണ്ടറിൽ നിന്നും ഒഴിവാക്കുന്നത് അഭികാമ്യമല്ല. ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇതിനാൽ പിൻവലിച്ച് കൊണ്ടും, ഇനി മുതൽ എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിനു മുകളിലുമുള്ള എല്ലാ

പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**ഡോ. കെ.എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. എല്ലാപ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, ഗവൺമെന്റ് സെക്രട്ടറിമാർക്കും,
5. എല്ലാ വകുപ്പ് മേധാവികൾക്കും
6. എല്ലാ ജില്ലാ കളക്ടർമാർക്കും
7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
10. നോഡൽ ഓഫീസർ, ധനകാര്യം
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ